# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

## 2020 മാർച്ച് 24, വൈകുന്നേരം 5.00 മണി

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം ഒന്നായി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ ഇന്ന് 14 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് അതിൽ തിരുവ വനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ നിന്ന് ഓരോന്നും കോഴിക്കോട് ജില്ലയിൽ നിന്നുള്ള 2 പേർക്കും, കാസർഗോഡ് ജില്ലയിൽ നിന്നുള്ള 6 പേർക്കും, രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാന പ്പെട്ട മന്ത്രി അറിയിച്ചു - ഇന്ന് 189 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യ പ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 72460 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 71994 പേർ വീടുകളിലും 466 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 4516 സാമ്പിളുകൾ പരി ശോധിച്ചതിൽ 3331 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്ര ട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. കോവിഡ് 19 രോഗം ചികിത്സിക്കാൻ സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള കിടക്കക ളുടെയും, വെന്റിലേറ്ററുകളുടെയും ആംബുലൻസുകളുടെയും കണക്കുകൾ അദ്ദേഹം പറഞ്ഞു. കേരളത്തിൽ നിലവിൽ ആശുപത്രിയിൽ ചികിത്സ തേടുന്നവരുടെ സ്ഥിതി ഗുര തരമല്ല. മെഡിക്കൽ മറ്റ് അനുബന്ധ ഉപകരണങ്ങളുടെ സംഭരണവും ലഭ്യതയും കുറി ച്ചുള്ള ഒരു വിശദമായ വിശകലനം നടത്തുകയുണ്ടായി. വ്യവസായ വകുപ്പ് സെക്രട്ടറി കേന്ദ്ര കാബിനറ്റ് സെക്രട്ടറിയുമായി ഇതിനെക്കുറിച്ച് ചർച്ച ചെയ്തതായി അദ്ദേഹം അറി യിച്ചു. സ്വയം സംരക്ഷണ ഉപകരണങ്ങൾ ഇൻഡോറിലുള്ള സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് ഓർഡർ നൽകിയിട്ടുണ്ട്. എൻ95 മാസ്കിന്റെ ലഭ്യതയുടെ കാര്യത്തിൽ കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറി വ്യക്തമായ ഒരു തീരുമാനം അറിയിച്ചിട്ടില്ല. അത് പിന്നീട് ചർച്ച ചെയ്യാമെന്ന് അദ്ദേഹം അറിയിച്ചു. ജില്ലകളിലെ കോവിഡ് ആശുപത്രികളുമായി ഇന്ന് ബഹു ആരോഗ്യ വകുപ്പ് മന്ത്രി വീഡിയോ കോൺഫറൻസിംഗ് നടത്തിയിരുന്നു.പ്ര ധാനമായും നാല് ആശുപത്രികളാണ് പ്രാരംഭ ഘട്ടത്തിൽ തെരഞ്ഞെടുത്തിരിക്കുന്നത്. ജനറൽ ആശുപത്രി കാഞ്ഞങ്ങാട്, മെഡിക്കൽ കോളെജ് കണ്ണൂർ, മെഡിക്കൽ കോളെജ് കോഴിക്കോട്, മെഡിക്കൽ കോളെജ് എറണാകുളം എന്നിവയാണ് കോവിഡ് ആശുപത്രി യായി മാറ്റപ്പെട്ടത്. കോവിഡ് കെയർ സെന്ററുകൾ ഒരു നിർദ്ദിഷ്ട പ്രവർത്തന മാന

ദണ്ഡം തയ്യാറാക്കണമെന്ന് അഭിപ്രായപ്പെട്ടു. ജില്ലകളിലെ രോഗ പകർച്ച സാദ്ധ്യത പഠന വിധേയമാക്കിയശേഷം കൂടുതൽ ആശുപത്രികളെ കോവിഡ് കെയർ സെന്ററുകളായി മാറ്റാൻ നടപടി സ്വീകരിക്കും. ദുബൈയിൽ നിന്നും തിരിച്ചെത്തുന്നവർക്ക് പ്രത്യേക നിരീക്ഷണത്തിന് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചു.

## <u>പ്ലാനിംഗ് ബോർഡ് മെമ്പർ</u>

ഡോ ബി ഇക്ബാൽ പ്ലാനിംഗ് ബോർഡ് മെമ്പർ രോഗ പരിശോധനയ്ക്കായി ഐ സി എം ആർ നിഷ്ക്കർഷിക്കുന്ന പുതിയ മാർഗ്ഗ രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ രോഗിപരിചരണത്തിൽ ഏർപ്പെടുന്ന ആശുപത്രി ജീവനക്കാർക്കും രോഗ ലക്ഷണങ്ങൾ ഒന്നും തന്നെ ഇല്ലെങ്കിലും പരിശോധന നടത്താമെന്ന് പരാമർശിച്ചിട്ടുണ്ട് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തുന്ന പ്രത്യേകിച്ചും മഹാരാഷ്ട്രയിൽ നിന്നും കേരളത്തിൽ എത്തുന്ന ജനങ്ങളെ കർശന നിരീക്ഷണത്തിൽ വയ്ക്കണമെന്നും വേണ്ടവന്നാൽ ആശുപത്രിയിൽ നിരീക്ഷണത്തിൽ വയ്ക്കണമെന്നും നിർദ്ദേശിച്ചു.

ഇലക്ടീവ് സർജറികൾ മാറ്റിവയ്ക്കുന്നതിനായി സർജന്മാരുടെ സംഘടന ഒരു മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എന്നാൽ സ്വകാര്യ ആശുപത്രികളിൽ ഇപ്പോഴും ഇതുപോലുള്ള സർജറികൾ നടത്തുന്നതായി റിപ്പോർട്ടുകൾ ഉണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. സർക്കാർ ആശുപത്രികളിൽ ഈ സർജറികൾ എല്ലാം തന്നെ മാറ്റിവയ്ച്ചതായി കാണുന്നുവെന്നും ഇത് നല്ലൊരു പ്രവണതയാണെന്നും അഭിപ്രായപ്പെട്ടു. റാപ്പിഡ് ടെസ്റ്റുകൾക്ക് ഐ സി എം ആർ അംഗീകാരം നൽകിയിട്ടില്ല. ഇത് പഠനത്തിനും ഗവേഷണാവശ്യങ്ങൾക്കും മാത്രമാണ് ഉപയോഗിച്ചുവരുന്നത്. എന്നാൽ സമൂഹവ്യാപനം കണ്ടുപിടിക്കാനായി ഇതു ഉപയോഗിക്കാൻ പറ്റും.

മോൾബയോ എന്ന സ്ഥാപനം ഒരു പുതിയ പോയിന്റ് ഓഫ് കെയർ പരിശോധനാ മാർഗ്ഗത്തെക്കുറിച്ച് ചർച്ചചെയ്തതായും അദ്ദേഹം അറിയിച്ചു. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ഐ സി എം ആറു മായിട്ടുള്ള പഠനം നിർത്തിവച്ച് കേരളം ആവശ്യപ്പെട്ടതുപോലെ ശ്വാസകോശ രോഗം കൂടുതൽ ഉള്ള സ്ഥലങ്ങളിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് പഠനം നടത്താമെന്ന് അറിയിച്ചിട്ടുണ്ട്. വ്യക്തി സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗത്തിനായി ഒരു പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എൻ എച്ച് എം ന്റെ കീഴിലുള്ള കോൾ സെന്റർ ആയ ദിശ നല്ലരീതിയിലുള്ള പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. എന്നാൽ അവരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനായി ഫ്ളോ ചാർട്ടുകൾ പോലുള്ള മോഡലുകൾ തയ്യാറാക്കാവുന്നതാണ്.

ആരോഗ്യ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പി സി ആർ ലഭ്യതയെക്കുറിച്ച് ചർച്ച ചെയ്തിരുന്നതായും സെൻട്രൽ യൂണിവേഴ്സിറ്റി ഐ ഐ എസ് സി ആർ തുടങ്ങിയ സ്ഥാപനങ്ങൾ അവിടെത്തന്നെ പരിശോധനയ്ക്കുള്ള മാർഗ്ഗം ഒരുക്കാമെന്ന് അറിയിച്ചു. മറ്റ് സ്ഥാപനങ്ങൾ ഇവരുടെ പി സി ആർ മെഷീനുകൾ പരിശോധനയ്ക്കായി നൽകാമെന്നും പക്ഷേ അതിനുവേണ്ട പ്രാരംഭ നടപടികൾ സ്വീകരിക്കാമെന്നും ഉറപ്പു നൽകി.

**ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി**

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ചില പൊതുവായ പ്രശ്നങ്ങൾ അദ്ദേഹം പറഞ്ഞു.

ബഡ്ജറ്റ് നിർണ്ണയിക്കേണ്ട കാലാവധി മാർച്ച് 31 നുള്ളിലാണ്. അതിനാൽ യോഗങ്ങൾ ചേരേണ്ടതുണ്ട്. പുതിയ പദ്ധതികൾക്കുള്ള അനുമതി നേടിയെടുക്കേണ്ടതും മാർച്ച് 31 നുള്ളിലാണ്. ഉപാധികൾക്ക് വിധേയമായി 5 പേരെയെങ്കിലും പങ്കെടുപ്പിച്ച് ഡി.പി.സി. യോഗങ്ങൾ കൂടേണ്ടതുണ്ട്. പദ്ധതികൾക്ക് ഇപ്പോൾ അംഗീകാരം നൽകി മെയ് മാസത്തിൽ വിശദമായി പുനപരിശോധിക്കാവുന്നതാണ്. പ്രസ്തുത കാര്യങ്ങൾക്കായി ഇളവ് അനുവദിക്കാമോ എന്ന് പരിശോധിക്കണം.

തൊഴിലുറപ്പ് ജോലികൾ ചെയ്യാൻ ഇപ്പോൾ അനുമതിയുണ്ടെങ്കിലും അഞ്ചിൽ താഴെ പേർ മാത്രം ഒരുമിച്ച് ജോലി ചെയ്യുന്ന രീതിയിൽ ക്രമീകരിച്ചില്ലെങ്കിൽ കൂട്ടമായി ജോലി ചെയ്യുവാൻ സാധ്യതയുണ്ട്.

സ്വന്തമായി വീടുകളില്ലാത്ത വഴിയരികിൽ കിടന്നുറങ്ങുന്നവർക്ക് ഹോട്ടലുകളില്ലാത്തതിനാൽ ഭക്ഷണം കഴിക്കാൻ കഴിയുന്നില്ല. ആയതിനാൽ അവരെ താമസിപ്പിക്കാനും ഭക്ഷണം നൽകാനും ഒരു സ്ഥലം ആവശ്യമാണ്. ഇതിനു സ്കൂളുകൾ ഉപയോഗിക്കാമോ എന്ന് പരിശോധിക്കണം.

മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് മരുന്ന് വാങ്ങേണ്ടവർക്ക് ഇപ്പോഴത്തെ സാഹചര്യത്തിൽ അതു വാങ്ങാനാകുന്നില്ല. അതു വാങ്ങി നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തിയെങ്കിലും ഡോസ് ക്രമീകരിക്കുന്നതിലെ ബുദ്ധിമുട്ട് ഇപ്പോൾ അനുഭവിക്കുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്.

മാർക്കറ്റുകളിൽ വരുന്ന പച്ചക്കറികൾ റീട്ടെയിൽ കടകളിലേക്ക് മാറ്റുമ്പോഴും മറ്റും ആൾക്കൂട്ടം ഉണ്ടാകുന്നുണ്ട് ഇത് ഒഴിവാക്കേണ്ടതാണ്.

സ്വന്തമായി വീടുകളില്ലാത്ത വഴിയരികിൽ കിടന്നുറങ്ങുന്നവർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് പൊതുതാമസസ്ഥലം കണ്ടെത്തി ഭക്ഷണത്തിനുള്ള സൗകര്യം ഒരുക്കണം .

ബഡ്ജറ്റ് നിർവ്വഹണവും പദ്ധതി അംഗീകാരവും കളക്ടർമാരുമായി ബന്ധപ്പെട്ട് കുറച്ച് ആൾക്കാരെ വച്ച് അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്. 144 പ്രഖ്യാപിച്ച സ്ഥലങ്ങളിൽ കുറച്ച് സമയം ഇളവു നൽകി മേൽപ്പറഞ്ഞ കാര്യങ്ങൾ നടത്താവുന്നതാണ്. പച്ചക്കറി കടകളിലും മാർക്കറ്റുകളിലും തിരക്കുണ്ടാകുന്നത് തടയാൻ നടപടിയുണ്ടാകണം.

വിവാഹചടങ്ങുകൾ നേരത്തെ ബുക്ക് ചെയ്തവർക്ക് വിവാഹം നടത്താനാകാതെ വരുന്ന സാഹചര്യത്തിൽ ആഡിറ്റോറിയം ഉടമകൾ രൂപ തിരിച്ചു നൽകുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ പോലീസ് ഇടപെടേണ്ടതുണ്ട്.

പി.എച്ച്.സി. കളിൽ വൈകുന്നേരം വരെ ജോലി നോക്കുന്ന ജീവനക്കാർക്ക് ആവശ്യമെങ്കിൽ താമസസൗകര്യവും വാഹന സൗകര്യവും പഞ്ചായത്ത് ഒരുക്കേണ്ടതുണ്ട്.

ആശുപത്രിയിൽ വരുന്നവർക്ക് ഗതാഗതക്രമീകരണത്തിന്റെ ഭാഗമായി പോലീസ് തടയുന്നതായി വിവരം ലഭിച്ചിട്ടുണ്ടെന്ന് ബഹു. ആരോഗ്യ മന്ത്രി അറിയിച്ചു

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. ആശുപത്രികളിൽ വരുന്നവരെ പോലീസ് തടയുന്ന പ്രവണത കണ്ടുവരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത്യാവശ്യകാര്യങ്ങൾക്ക് പുറത്തിറങ്ങുന്നവർ ഒരു സ്വയം സമ്മത പത്രം തയ്യാറാക്കി കൈയ്യിൽ കരുതേണ്ടതാണ്. ഇത് പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം അവരെ പോകാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ഇത് കളവാണെന്നു തെളിഞ്ഞാൽ അവർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കുന്നതാണ്. (ചുമതല - ആഭ്യന്തര വകുപ്പ്)
2. തിരുവനന്തപുരത്ത് ഇന്ന് ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരുന്നെങ്കിലും ഇത് കാര്യമായി പാലിച്ചിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അനുവദിക്കാവുന്നതല്ല. ഇതിനെതിരെ കൂടുതൽ കടുത്ത നടപടികൾ സ്വീകരിക്കേണ്ടിവരും (ചുമതല - ആഭ്യന്തര, തദ്ദേശസ്വയംഭരണ വകുപ്പ്)
3. സംസ്ഥാന അതിർത്തികളിൽ കുടുങ്ങിക്കിടക്കുന്നവർക്ക് തിരികെ പോകുവാൻ കഴിയാത്ത സാഹചര്യമാണ്. ഇവരെ പതിനാലു ദിവസത്തെ നിരീക്ഷണത്തിൽ പാർപ്പിക്കാവുന്നതാണ് (ചുമതല - ആഭ്യന്തര, ആരോഗ്യ, ഗതാഗത വകുപ്പ്)
4. നവോദയ സ്കൂളുകളിൽ നിന്ന് മറ്റു സംസ്ഥാനങ്ങളിലെ സ്കൂളുകളിലേക്ക് പോയിരിക്കുന്ന വിദ്യാർത്ഥികൾക്ക് തിരിച്ചുവരാൻ സാധിക്കുന്നില്ല. അവരെ തിരിച്ചെത്തിക്കുന്നതിനായി നടപടികൾ സ്വീകരിക്കണം (ചുമതല ഗതാഗത, ആഭ്യന്തര, വിദ്യാഭ്യാസ വകുപ്പ് )
5. കേരളത്തിലേക്ക് എത്തിയ ചരക്കുവാഹനങ്ങൾ തിരികെ പോകുന്നത് കർണ്ണാടക അതിർത്തിയിൽ തടയുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി ഇടപെടണമെന്ന് ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടു.
6. അവശ്യസാധനങ്ങൾ വിലകൂട്ടി വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അന്വേഷിക്കുന്നതിനായി ജില്ലാ സപ്ലൈ ആഫീസർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ആഫീസർ, പോലീസ് എന്നിവരടങ്ങിയ ഒരു സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തണം. (ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈ, ആഭ്യന്തര, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)
7. നിലവിൽ മാർച്ച് മാസം മരുന്നുകളുടെ സ്റ്റോക്ക് എടുക്കുക്കേണ്ടതിനാൽ സ്റ്റോക്കുകളുടെ കണക്ക് കുറച്ചു കാണിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടുണ്ട്. ഇത് പരിശോധിക്കണം (ചുമതല - ഡ്രഗ്ഗ്സ് കൺട്രോളർ)
8. സ്വകാര്യ ലാബുകൾ തുറന്നു പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം (ചുമതല - ആരോഗ്യ വകുപ്പ്)
9. മാലിന്യശേഖരണ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ വാഹനം പരിശോധനയിൽ ഇളവുനൽകണം (ചുമതല - ആഭ്യന്തര വകുപ്പ്, ഗതാഗത വകുപ്പ്)
10. സർക്കാർ ജീവനക്കാരുടെ ജോലി ക്രമീകരണവുമായി ബന്ധപ്പെട്ട ഉത്തരവ് ലഭ്യമായോ എന്ന് മുഖ്യമന്ത്രിയുടെ ചോദ്യത്തിനു മറുപടിയായി ചീഫ് സെക്രട്ടറി ഉത്തരവ് ഇന്ന് പുറപ്പെടുവിക്കുമെന്ന് അറിയിച്ചു.
11. മാധ്യമ മേധാവികളുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ ഹോട്ടലുകളെ ആശ്രയിക്കുന്നവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി അവർ അറിയിച്ചു. അങ്ങനെയുള്ളവർക്ക് ഭക്ഷണം ആവശ്യമെങ്കിൽ അറിയിക്കാനും എത്തിച്ചുകൊടുക്കാനും

ഒരു സംവിധാനം വേണം. അത് എവിടെ അറിയിക്കണമെന്ന് വ്യക്തമാക്കണം. (ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)

12. പത്രനിർമ്മാണ-വിതരണത്തിനായി അന്തർ ജില്ലാ യാത്രാനുമതി ഉറപ്പാക്കണം (ചുമതല - ആഭ്യന്തര വകുപ്പ്)
13. പത്രക്കടലാസ്സുകളുമായി വരുന്ന വാഹനങ്ങൾക്ക് സംസ്ഥാന അതിർത്തിയിൽ നിയന്ത്രണമുണ്ടോ എന്ന് പരിശോധിക്കണം (ചുമതല - ആഭ്യന്തര വകുപ്പ്)
14. ഡ്യൂട്ടി കഴിഞ്ഞ് തിരികെ പോകുന്ന മാധ്യമ പ്രവർത്തകർക്ക് പ്രശ്നങ്ങൾ നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടുണ്ട്. ഇതുപോലെയുള്ള സംഭവങ്ങൾ കേരളത്തിൽ ഉണ്ടോ എന്ന് ശ്രദ്ധിക്കണം (ചുമതല - ആഭ്യന്തര വകുപ്പ്)
15. മാധ്യമ പ്രവർത്തകർക്ക് തിരിച്ചറിയൽ കാർഡ് ഉണ്ടെങ്കിൽ തടസ്സം കൂടാതെ യാത്ര ചെയ്യുന്നതിനുള്ള സംവിധാനം ഉറപ്പാക്കണം (ചുമതല - ആഭ്യന്തര വകുപ്പ്)
16. ആശ വർക്കറെ ആക്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കൂടുതൽ ഗൗരവമായി എടുക്കണം (ചുമതല - ആഭ്യന്തര വകുപ്പ്)
17. പത്രസമ്മേളനം വളരെ വൈകുന്നതായി മാധ്യമ പ്രവർത്തകർ അറിയിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി നാളെ മുതൽ വൈകിട്ട് കൃത്യം 6 മണിക്ക് തന്നെ നടത്താമെന്ന് അറിയിച്ചു. ഇതിനായി ആരോഗ്യ വകുപ്പിന്റെ ഡേറ്റാ ഉച്ചയ്ക്ക് 12 മണിക്ക് മുന്നെ തന്നെ കണിശമായും ശേഖരിച്ച് വൈകിട്ട് നാല് മണിക്ക് മീറ്റിംഗ് നടത്തണം (ചുമതല - ആരോഗ്യ വകുപ്പ്)
18. കാസർഗോഡ് ജില്ലയിൽ ആംബുലൻസുകളുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിക്കണം (ചുമതല - ആരോഗ്യ വകുപ്പ്)
19. വീടുകളിൽ നിരീക്ഷണത്തിലുള്ളവർക്കായി പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കണം. ഈ നിരീക്ഷണത്തിലുള്ളവരെ പരിചരിക്കുന്ന ചുമതല ഒരാൾമാത്രം ഏറ്റെടുക്കണം. ഇവർക്കായി പ്രത്യേകം ടോയിലറ്റ് സൗകര്യം ഉറപ്പുവരുത്തണം. വീടുകളിൽ ഈ സൗകര്യങ്ങൾ ഇല്ലാത്തവരെ പൊതു കോവിഡ് കെയർ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റേണ്ടതാണ് (ചുമതല - ആരോഗ്യ വകുപ്പ്)
20. വീടുകളിൽ നിരീക്ഷണത്തിലുള്ളവരുടെ രോഗവിവരങ്ങൾ നിരീക്ഷിക്കുന്നതിനായി ആരോഗ്യ സന്നദ്ധ പ്രവർത്തകർ വീടുകളിൽ കർശനമായും സന്ദർശനം നടത്തിയിരിക്കണം. (ചുമതല - ആരോഗ്യ, ആഭ്യന്തര, തദ്ദേശസ്വയംഭരണ വകുപ്പ്)
21. വീടുകളിൽ നിരീക്ഷണത്തിലുള്ളവർക്ക് മാസ്ക്, ഹാന്റ് സാനിറ്റൈസർ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തണം (ചുമതല - ആരോഗ്യ, ആഭ്യന്തര, തദ്ദേശ സ്വയംഭരണ വകുപ്പ്)
22. അതിർത്തിയിൽ കുടുങ്ങിക്കിടക്കുന്നവർ തിരികെ എത്തുമ്പോൾ അവരെ 14 ദിവസത്തെ വീട് നിരീക്ഷണത്തിൽ പാർപ്പിക്കണം. ഇതിനായി കാസർഗോഡ് ജില്ലയിൽ ഒഴിഞ്ഞു കിടക്കുന്ന വീടുകൾ ഏറ്റെടുക്കാവുന്നതാണ്. (ചുമതല - തദ്ദേശ സ്വയംഭരണ വകുപ്പ്)
23. വ്യാപാരസ്ഥാപനങ്ങൾക്ക് പ്രവർത്തനം രാവിലെ 7 മണിയ്ക്കും വൈകിട്ട് 5 മണിയ്ക്കും ഇടയിലുള്ള സമയത്ത് പ്രവർത്തിക്കാം. എന്നാൽ പൊതുവിതരണ സ്ഥാപനങ്ങൾക്ക് ഉച്ചയക്ക് ഒരു മണിക്കൂർ ഇടവേള നൽകാവുന്നതാണ്.

യോഗം വൈകിട്ട് ആറു മണിക്ക് അവസാനിച്ചു.

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
4. ചീഫ് സെക്രട്ടറി
5. ഡി ജി പി
6. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
7. മുഖ്യമന്ത്രിയുടെ സെക്രട്ടറി
8. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
11. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ
12. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
13. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
14. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
15. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണം
16. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
17. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
18. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
19. ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
20. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
21. സെക്രട്ടറി, ധനകാര്യം
22. സെക്രട്ടറി, ഊർജ്ജ വകുപ്പ്
23. സെക്രട്ടറി, ടൂറിസം വകുപ്പ്
24. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
25. പ്ലാനിംഗ് ബോർഡ് മെമ്പർ
26. ഡി പി ഐ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ